# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 5486/11/12/2023/റ്റി വി എം.**

പരാതിക്കാരി : ശാന്ത.ജെ, കുക്കുരുണി തോട്ടിൻകര പുത്തൻവീട്,
പെരുമ്പഴുതൂർ.പി.ഒ, തിരുവനന്തപുരം 695126.

എതിർകക്ഷി : സെക്രട്ടറി, ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ്
വെൽഫെയർ ബോർഡ്, മേട്ടുക്കട, തിരുവനന്തപുരം- 14.

**ഉത്തരവ് തീയതി: 09-10-2024.**

1. പരാതി സംഗതിയും അതിന്മേൽ ബിൽഡിംഗ് ആൻഡ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് സെക്രട്ടറി സമർപ്പിച്ച 13..11..2023 ലെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളും വിവരിച്ചുകൊണ്ട് 26..9..2024 തീയതിയിൽ കമ്മീഷൻ ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാതിക്കാരിക്ക് തുക കൊടുത്തു എന്ന് തെളിയിക്കുന്ന രേഖകൾ സഹിതം ഒരു Action taken report മായി 9..10..2024 ന് കമ്മീഷൻ മുമ്പാകെ ഹാജരാകണമെന്ന് ബോർഡ് സെക്രട്ടറിയോട് പ്രസ്തുത ഇടക്കാല ഉത്തരവിൽ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു.

2. ഇന്ന് തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീമതി അമൃത ജി.എസ് നേരിട്ട് ഹാജരായി 8..10..2024 തിയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു. 13..11..2023 തിയതിയിലെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള അംശാദായ തുക 7050 രൂപയും അതിൻറെ പലിശ 1211 രൂപയും ചേർത്ത് 8261 രൂപ 5..12.2022..ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഊരുട്ടമ്പലം ശാഖയിലുള്ള പരാതിക്കാരിയുടെ അക്കൗണ്ടിലേക്ക് അയച്ചിട്ടുണ്ടെന്നും 6..12..2022 ൽ ടി തുക ശാന്തയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയതായി ബാങ്കിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും ഇന്ന് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു അത് തെളിയിക്കുന്നതിനുള്ള രേഖകളും റിപ്പോർട്ടിനോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. 12/21 മുതൽ 3/22 വരെയുള്ള പെൻഷൻ തുകയായ 6400 രൂപ പരാതിക്കാരിക്ക് sanction ആയിട്ടുണ്ട്. ഫണ്ടിന്റെ കുറവുമൂലം ആ തുക കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. തിരുവനന്തപുരം ജില്ലയിൽ മാത്രം ഇത്തരത്തിൽ 7000 ത്തോളം അപേക്ഷകൾ pending ആണെന്നും പ്രതിമാസ പെൻഷൻ 1600 രൂപ വീതം 4/22 മുതൽ പരാതിക്കാരിക്ക് നൽകിവരുന്നുണ്ടെന്നും ഓഫീസർ ബോധിപ്പിച്ചു. ഫണ്ടിന്റെ അപര്യാപ്തത കൊണ്ടാണ് കുടിശിക തുക 6400 രൂപ പരാതിക്കാരിക്ക് നൽകാൻ കഴിയാതിരുന്നതെന്നും ഫണ്ട് ലഭ്യമാകുന്ന മുറക്ക് മുൻഗണന ക്രമം പാലിച്ച് പരാതിക്കാരിക്ക് ടി തുക കൊടുക്കുന്നതാണെന്നും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ പറഞ്ഞു.

3. നോട്ടീസ് അയച്ചെങ്കിലും പരാതിക്കാരി ഇന്ന് കമ്മീഷൻ മുമ്പാകെ ഹാജരായില്ല. ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് പരാതിക്കാരിക്ക് അർഹതപ്പെട്ട തുക കൊടുത്തുതീർത്ത് പരാതി എത്രയും വേഗം പരിഹരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കമ്മീഷൻ ഈ പരാതി തീർപ്പാക്കുന്നു. കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് തിരുവനന്തപുരം ജില്ല എക്സിക്യൂട്ടീവ് ഓഫീസർക്ക് ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ 8..10..2024 തീയതിയിലെ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം പരാതിക്കാരിക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

(ഒപ്പ്)

ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.